പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1230** **31.10.2019-ൽ മറുപടിക്ക്**

**ചെമ്പുകടവ്, കപ്പായകോട്, വഴിക്കടവ് പാലങ്ങളുടെ പുന:നിർമ്മാണം**

**ചോദ്യം**

**ശ്രീ.ജോർജ്ജ് എം. തോമസ്**

(എ) കാലപ്പഴക്കത്തിൽ നാശം സംഭവിച്ചതും പ്രളയത്തിൽ തകർന്നതുമായ തിരുവമ്പാടി മണ്ഡലത്തിലെ ചെമ്പുകടവ്, കപ്പായക്കോട്, വഴിക്കടവ് എന്നിവിടങ്ങളിൽ പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ഓരോന്നിലും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഭരണാനുമതി നൽകുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ

(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തിരമായി പുതുക്കി പണിയേണ്ട പാലങ്ങൾ ചെമ്പുകടവ് പാലം, കപ്പായക്കോട് പാലം, വഴിക്കടവ് പാലം എന്നിവയാണ്. അതിൽ ചെമ്പുകടവ് പാലം പുനർനിർമ്മാണത്തിനുള്ള 527 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും കപ്പായക്കോട് പാലം പുനർനിർമ്മാണത്തിനുള്ള 310 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ധനവകുപ്പിന്റെ പരിഗണനയിലാണ്. വഴിക്കടവ് പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള ടെന്റേറ്റീവ് ഡ്രോയിംഗ് ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ